**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 91** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് നൽകുന്ന പ്രവൃത്തികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. ബിനിമോൻ

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. ദീപക് ജോയ്

ശ്രീ. എഫ്. രാജ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ നൽകുന്നതിന് എന്തെങ്കിലും മുൻഗണന നിലവിൽ ഉണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വിവിധ സർക്കാർ ഉത്തരവ് പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് ഇ-ടെണ്ടർ മുഖാന്തിരം പ്രവൃത്തികൾ നൽകുന്നതിന് മുൻഗണന നിലവിലുണ്ട്.

സഹകരണ വകുപ്പിന്റെ ജി.ഒ എം.എസ് 135/97/കോ.ഓപ് തീയതി 13.11.1997 പ്രകാരവും ജി.ഒ എം.എസ്.44/04/പി.ഡബ്ല്യൂ.ഡി 19.03.2004 പ്രകാരവും മറ്റ് കരാറുകാർ ക്വോട്ട് ചെയ്ത തുകയിൽ നിന്ന് 10% കൂടിയ നിരക്ക് മാത്രമാണെങ്കിൽ സൊസൈറ്റി ക്വോട്ട് ചെയ്ത തുകയ്ക്ക് പ്രവൃത്തി അനുവദിക്കാവുന്നതാണ്. മാത്രമല്ല സഹകരണ വകുപ്പിന്റെ ആദ്യ ഉത്തരവ് പ്രകാരവും തുടർന്ന് ജി.ഒ.ആർ.ടി നം.162/2001/സഹ തീയതി 22.03.2001 പ്രകാരവും സൊസൈറ്റികൾക്ക് പ്രവൃത്തികളിൽ പങ്കെടുക്കുമ്പോൾ നിരതദ്രവ്യവും (EMD), സെക്യൂരിറ്റി ഡെപ്പോസിറ്റ് (Performance Guarantee) എന്നിവ ഒഴിവാക്കിയിട്ടുണ്ട്.

സഹകരണ വകുപ്പിന്റെ ജി.ഒ എം.എസ്.181/08/Co-op. തീയതി 02.08.2008 പ്രകാരം സൊസൈറ്റിക്ക് ഏത് തുകയ്ക്കുള്ള പ്രവൃത്തിയും ഏറ്റെടുത്ത് നടത്താവുന്നതാണ്.

പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ MoRTH tender condition പ്രകാരം ചെയ്യുന്ന പ്രവൃത്തികളിൽ ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് പ്രത്യേക മുൻഗണന നിലവിൽ ഇല്ല. എന്നാൽ പൊതുമരാമത്ത് സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന ദേശീയ പാത പ്രവൃത്തികളിൽ മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ ബാധകമാണ്.

**(ബി)** നടപടിക്രമങ്ങൾ പാലിക്കാതെ പ്രസ്തുത സൊസൈറ്റിക്ക് അധികമായി പ്രവൃത്തികൾ നൽകിയത് പ്രവൃത്തികളുടെ ഗുണനിലവാരം കുറയുന്നതിനും അഴിമതിക്കും കാരണമായിട്ടുണ്ടോ എന്ന് പരിശോധിക്കുമോ;

**<u>മറുപടി:</u>** പൊതുമരാമത്തുവകുപ്പിന്റെ പ്രവൃത്തികളിൽ ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് നടപടിക്രമങ്ങൾ പാലിക്കാതെ ഒരു പ്രവർത്തിയും അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പൊതുമരാമത്തുവകുപ്പിന്റെ പ്രവൃത്തികളിലെല്ലാം തന്നെ ഗുണനിലവാര പരിശോധന കർശനമായി പാലിക്കുന്നുണ്ട്. PWD Manual, SBD Condition എന്നിവ അനുസരിച്ചാണ് ഇവ നടപ്പിലാക്കുന്നത്. ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി Quality Control Manual അവലംബിച്ചു വരുന്നു. ഗുണനിലവാര പരിശോധന ഫലത്തിന്റ അടിസ്ഥാനത്തിലാണ് കരാറുകാർക്ക് ബിൽ തുക നൽകുന്നത്.

പ്രവൃത്തികളുടെ ഗുണനിലവാരം സംബന്ധിച്ച് പരാതി ലഭിക്കുകയാണെങ്കിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്.

**(സി)** പ്രസ്തുത സൊസൈറ്റിക്ക് ഇക്കാര്യത്തിൽ ഇളവ് നൽകുന്നത് സംബന്ധിച്ച് ഉത്തരവുകൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**